(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേംബ്രിഡ്ജ് സർവ്വകലാശാല പോലുള്ള വിദേശ സർവ്വകലാശാലകളുടെ സഹായം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം മാതൃകാപഠന പരിപാടികൾകൊണ്ട് കേരളീയ വിദ്യാർത്ഥികൾക്ക് സാർവ്വദേശീയ തലത്തിൽ മികച്ച ഉപരിപഠനത്തിനും ജോലികൾക്കും സാദ്ധ്യതകൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ബാധകമല്ല.

പുതുതായി ആരംഭിച്ച പോളിടെക്നിക്കുകൾ

64 [2282] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു; എത്രയെണ്ണം ഇതിനകം ആരംഭിച്ചു;

(ബി) എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ഒന്നും സ്വാശ്രയമേഖലയിൽ ഒന്നും പോളിടെക്നിക് കോളേജുകൾ ആരംഭിച്ചു.

(ബി) സർക്കാർ മേഖലയിൽ എഴുകോൺ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തി. സ്വാശ്രയ മേഖലയിൽ കോഴിക്കോട് കെ.എം.സി.റ്റി. പോളിടെക്നിക്ക് ആരംഭിച്ചു.

സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി

65 [2284] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർവ്വകലാശാലയുടെ പരിധിയിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളും, മെഡിക്കൽ കോളേജുകളും, കാർഷിക കോളേജുകളും ഉൾപ്പെടുത്തുമോ;

(സി) പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ഈ കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി കേരള സംസ്ഥാനം മൊത്തത്തിലായിരിക്കും.

(ബി) നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് കീഴിൽ നിലവിലുള്ള എഞ്ചിനീയറിംഗ്, എം.സി.എ., എം.ബി.എ., ഫൈൻ ആർട്സ് കോളേജുകൾ ഉൾപ്പെടുത്തുന്നതാണ്.

(സി) പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഇതിനകംതന്നെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തുടർ പ്രവർത്തനത്തിൽ ആവശ്യമെന്ന് കരുതുന്ന പക്ഷം വീണ്ടും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

66 [2285] ശ്രീ. ജോണി നെല്ലൂർ:

„ ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ നടപടികൾ ഏത് ഘട്ടം വരെയായി;

(സി) പ്രീഡിഗ്രി വേർപ്പെടുത്തലിനുശേഷം എത്ര ജീവനക്കാർ വീതം കോളേജുകളിൽ ആവശ്യമുണ്ട്;

(ഡി) നിയമന നിരോധനം ഇപ്പോൾ ഉണ്ടോ;

(ഇ) എങ്കിൽ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിയമന നിരോധന ഘട്ടത്തിൽ പ്രമോഷൻ ലഭിക്കാതെ പിരിഞ്ഞു പോയ അനദ്ധ്യാപക ജീവനക്കാരുടെ വിശദാംശം വെളിപ്പെടുത്താമോ;

(ജി) സ്വകാര്യ കോളേജ് അനദ്ധ്യാപകരുടെ ജോലി സമയം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly